പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2197

09.03.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ

**ചോദ്യം**
**ശ്രീ. എം. ഉമ്മർ**

**ഉത്തരം**
**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>(2) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിയ്ക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>(3) ബി.ആർക്, എംഫിൽ, പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.<br>(4) പട്ടികജാതി വകുപ്പിന് കീഴിലുള്ള |

| | | | |
|---|---|---|---|
| | | | ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>(5) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>(6) പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതി യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15000/- രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>(7) 280 സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചു.<br>(8) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കി.<br><br>പട്ടികവർഗ്ഗ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സാമൂഹിക പഠനമുറി - (6.21 കോടി) പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ, ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവപട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/ പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000/- രൂപ ഓണറേ |

റിയം വ്യവസ്ഥയിൽ പരിശീലനം നൽകിനിയോഗിച്ചവരുന്നു. 100 സാമൂഹിക പഠനമുറികളാണ് നടപ്പവർഷം നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. 34 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു (4 കോടി) - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി, ബി.എഡ് യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടേയും അറിവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന പദ്ധതി പ്രകാരം 241 പേരെ തെരഞ്ഞെടുത്ത് വയനാട് ജില്ലയിൽ വിവിധ സ്കൂളുകളിൽ നിയമനം നടത്തി പദ്ധതിനടപ്പിലാക്കി വരുന്നു. .
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - (100 കോടി)

(എ) **അടിസ്ഥാനസൗകര്യങ്ങൾ**

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്കാവസ്ഥയിലുള്ള 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) **എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലിനുള്ള വേതനം**

എം.ജി.എൻ.ആർ.ഇ.ജി.എസ് - പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

| | | | |
|---|---|---|---|
| | | | (സി) **പി.കെ. കാളൻ കുടുംബസഹായ പദ്ധതി**<br>പി.കെ. കാളൻ കുടുംബസഹായ പദ്ധതി പ്രകാരം ചിന്നിചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വിവരശേഖരം നടത്തി വരുന്നു.<br>1. **ഗോത്രവാത്സല്യനിധി** (2 കോടി)<br><br>പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടി കളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന തിനായി 2017-18 സാമ്പത്തിക വർഷത്തിൽ എൽ.ഐ.സി.യുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2014 ഏപ്രിൽ മുതൽ ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>2. **വയനാട് ഗോത്രഭാഷ പഠന കേന്ദ്രം**<br>3. **ആരോഗ്യ വിദ്യാഭാസ പരിപാടി** തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേത ങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടി നടപ്പിലാക്കി വരുന്നു.<br><br>4. പോഷകാഹാരക്കുറവ്, ശിശുമരണ, മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചാരണ പരിപാടി, ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.<br>5. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആധുനിക വൈദ്യസഹായം എത്തി ക്കുക എന്ന ലക്ഷ്യത്തോടുകൂടി 6 ജില്ലകളിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കു കൾ കൂടി ആരംഭിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>6. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.<br><br>KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് എം.ആർ.എസ്/ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതികൾ മുഖേന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമൂഹികവും വിദ്യഭ്യാസപരവും സാമ്പത്തികവുമായ ഉയർച്ച കൈവരിക്കാൻ കഴിഞ്ഞതായി കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിന് കാരണമായിട്ടുണ്ട്. പഠനമുറി, വാത്സല്യനിധി തുടങ്ങി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും വിദ്യാഭ്യാസ പരവുമായ ഉന്നമ നം ലക്ഷ്യമിടുന്നു. |
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും പ്രസ്തുത വിഭാഗത്തിന് ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രയോജനം എല്ലാ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കു ന്നതിന് സമയബന്ധിതമായി ടി പദ്ധതിക്കുള്ള പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിന് സമർപ്പി ക്കുകയും അനുവദിക്കുന്ന തുക പ്രസ്തുത വിഭാഗ ങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിച്ച് ഫല പ്രദമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ